ഉത്തരം

(എ&ബി) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി ഉൾപ്പെടെയുള്ള സാംക്രമികരോഗങ്ങൾ വിനോദസഞ്ചാരികളുടെ വരവിനെ കാര്യമായി ബാധിച്ചതായി കരുതുന്നില്ല.

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിച്ച പദ്ധതികൾ

87 (4695) ശ്രീമതി രാധാരാഘവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ അവതരിപ്പിച്ച ഏതെല്ലാം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ മീറ്റിൽ പങ്കെടുത്തവർ സമ്മതിച്ചിട്ടുണ്ട് ;

(ബി) അവ നടപ്പാക്കുന്നതു സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്ത് ?

ഉത്തരം

(എ) അനുബന്ധം കാണുക†.

(ബി) ഇതുസംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

പരമ്പരാഗത ഉത്സവങ്ങളും മേളകളും

88 (4696) ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത ഉത്സവങ്ങളും മേളകളും ഏതെല്ലാമാണ് ;

(ബി) ഇവയെപ്പറ്റി മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലും പ്രചരണം നൽകുന്നതിന് എന്തെല്ലാം ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട് ;

(സി) ഇത്തരം ഉത്സവങ്ങളിലും മേളകളിലും പങ്കെടുക്കുന്നവർക്ക് താമസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലും പരമ്പരാഗതമായി ആചരിക്കപ്പെടുന്ന ഉത്സവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഓണമാണ്. ഓണം ലോകമെമ്പാടുമുള്ള മലയാളികൾ ദേശീയ ഉത്സവമായി ആഘോഷിക്കുന്നു. കൂടാതെ കേരളത്തിലെ വിവിധ ജില്ലകളിൽ വളരെ വർഷങ്ങളായി നടത്തപ്പെടുന്ന ഉത്സവങ്ങളും മേളകളും ധാരാളമായിട്ടുണ്ട്. സാമുദായിക സൗഹാർദ്ദത്തിന് മാതൃകയാവും വിധം വിവിധ മതവിശ്വാസികളുടെ നിരവധി ഉത്സവങ്ങളും മേളകളും കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ ദർശനങ്ങളാണ്. ടൂറിസം വകുപ്പിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ വഴിയും വെബ്സൈറ്റ് വഴിയും ഇത്തരം മേളകളെപ്പറ്റി ലോകം മുഴുവൻ പ്രചരണം നൽകി വരുന്നു.

(സി) ടൂറിസം വകുപ്പ് ഇപ്രകാരമുള്ള സൗകര്യങ്ങൾ നേരിട്ട് ഏർപ്പെടുത്തുന്ന പതിവില്ല.

ഹോട്ടലുകളിലും റിസോർട്ടുകളിലും നിന്ന് ലഭിക്കുന്ന വരുമാനം

89 (4697) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളോടെ പ്രവർത്തിക്കുന്ന എത്ര ടൂറിസം ഹോട്ടലുകളും റിസോർട്ടുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യസ്ഥാപനങ്ങൾ ജോയിന്റ് വെഞ്ചർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ (കെ.ടി.ഡി.സി. ഉൾപ്പെടെ) സർക്കാർ മേഖലയിൽ ഉള്ളവ തുടങ്ങിയവയിൽ എത്ര ടൂറിസ്റ്റ് ഹോട്ടലുകളും റിസോർട്ടുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഹോട്ടലുകളിലും റിസോർട്ടുകളിലും നിന്ന് സർക്കാരിന് ലഭിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; 2001-02, 2002-03 വർഷങ്ങളിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായി വളർന്നിട്ടുള്ള കുമരകത്ത് പ്രവർത്തിക്കുന്ന സ്റ്റാർ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയിൽ നിന്ന് കുമരകം ഗ്രാമപഞ്ചായത്തിന് നികുതി കുടിശ്ശികകൾ ഒന്നും തന്നെ ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കുമരകത്തുള്ള ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും നികുതിയിളവ് ചെയ്തുകൊടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly